0034285

കേരള സർക്കാർ

ബാക്ക്വേർഡ് കമ്മീഷണറുടെ കൈപ്പറ്റി 30 AUG 2016 തിരുവനന്തപുരം

**സംഗ്രഹം**

പിന്നാക്ക സമുദായ വികസന വകുപ്പ് - മറ്റർഹ വിഭാഗത്തിൽപ്പെട്ട (OEC) വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും 23.05.2014-ലെ സ.ഉ. (എം.എസ്) നം. 10/2014/പിസവിവ-യുടെ അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 സമുദായങ്ങൾക്കും കൂടി ലഭിക്കുന്നതിന് വേണ്ട വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച നടപടിക്ക് സാധൂകരണം നൽകിയും പരാമർശിത ഉത്തരവിലെ ക്രമനമ്പർ 7 ന് സ്പഷ്ടീകരണം വരുത്തിയും ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**പിന്നാക്ക സമുദായ വികസന (എ) വകുപ്പ്**

സ. ഉ (കൈ) നമ്പർ. 07/2016/പിസവിവ. തീയതി, തിരുവനന്തപുരം, 25.08.2016

==========================================================

പരാമർശം:- (1) സ.ഉ(എം.എസ്) നം. 10/2014/പി.സ.വി.വ, തീയതി 23.05.2014.
(2) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 16.06.2015-ലെ BCDD/A3/1031/2014 നമ്പർ കത്ത്.

**ഉത്തരവ്**

വിവിധ പ്രൊഫഷണൽ കോളേജുകളിലും ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും പ്രവേശനത്തിന് പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ചുകൊണ്ടും മറ്റ് പിന്നാക്ക ഹിന്ദുക്കളിൽ ഉൾപ്പെട്ട 30 ഇതര സമുദായങ്ങൾക്കും (വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി) ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ മറ്റർഹ വിഭാഗങ്ങൾക്ക് (OEC) ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരാമർശിത ഉത്തരവിലെ ക്രമനമ്പർ 7-ൽ പരാമർശിക്കുന്ന 30 സമുദായങ്ങൾക്കും നൽകാനാകുമോ എന്നതിന്മേൽ ഉദ്യോഗസ്ഥർക്കും സ്ഥാപന മേധാവികൾക്കും ആശയക്കുഴപ്പം ഉണ്ടായതിനെത്തുടർന്ന് ഇക്കാര്യത്തിൽ സ്പഷ്ടീകരണം നല്കണമെന്ന് സൂചന (2) പ്രകാരം പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. 23.05.2014-ലെ സ. ഉ. (എം.എസ്) നം. 10/2014/പിസവിവ നമ്പർ പ്രകാരമുള്ള ഉത്തരവ് നിലവിലുള്ള സംവരണതോത് വർദ്ധിപ്പിച്ചുകൊണ്ടും പ്രത്യേക സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ളതുമാണ്. അതിനുപുറമെ ഉത്തരവിന്റെ അനുബന്ധത്തിലുള്ള സമുദായങ്ങൾക്ക് സംവരണത്തിന് അർഹതയും മറ്റർഹ വിഭാഗത്തിൽപെട്ടവർക്ക് (OEC) കിട്ടുന്ന എല്ലാ വിദ്യാഭ്യാസനുകൂല്യങ്ങളും അനുവദിക്കുന്നതിനും കൂടിയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത 30 സമുദായങ്ങളുടെ വാർഷിക വരുമാനപരിധി 6 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച നടപടി സാധൂകരിച്ചുകൊണ്ട് 23.05.2014-ലെ സ. ഉ. (എം.എസ്) നം.

(മറുപുറം...)

10/2014/പിസവിവ എന്ന നമ്പർ ഉത്തരവിന്റെ ക്രമ നമ്പർ 7 ന്മേൽ താഴെപ്പറയും പ്രകാരമുള്ള സ്പഷ്ടീകരണം നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**'മറ്റർഹ സമുദായങ്ങളിൽപ്പെട്ട (OEC) വിദ്യാർത്ഥികൾക്ക് ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതെല്ലാം നിരക്കിൽ ഏന്തെല്ലാം വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് 23.05.2014-ലെ 10/2014/പിസവിവ എന്ന സർക്കാർ ഉത്തരവിന്റെ അനുബന്ധ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 30 ഇതര സമുദായങ്ങൾക്കും അർഹതയുണ്ടായിരിക്കും. എന്നാൽ ടി സമുദായാംഗങ്ങൾക്ക് വാർഷിക വരുമാനപരിധി 6 ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധന ബാധകമായിരിക്കുന്നതാണ്.'**

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ഡോ. വേണു. വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും/പൊതുമേഖലാ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റികൾക്കും.
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, അയ്യങ്കാളി ഭവൻ, കനകനഗർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളി ഭവൻ, കനക നഗർ,വെള്ളയമ്പലം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി).
ധനകാര്യ വകുപ്പ്.
റവന്യൂ വകുപ്പ് .
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 202, തീയതി 19.08.2016 പ്രകാരം)
കരുതൽഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**

**പകർപ്പ്-**
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. പിന്നാക്ക സമുദായ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
ജോയിന്റ് സെക്രട്ടറിയുടെ സി.എയ്ക്ക്.
ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.